## വർഗ്ഗീയ സംഘട്ടനങ്ങൾ

**77 (1011)** ശ്രീ. കെ. അച്ചുതൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര വർഗ്ഗീയ സംഘട്ടനങ്ങളുണ്ടായി ;

(ബി) ഈ സംഘട്ടനങ്ങളിൽ എത്ര പേർക്ക് പരിക്കേറ്റു ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് 56 മാസത്തിനിടയിൽ വർഗ്ഗീയ ചേരിതിരിവിന്റെ അടിസ്ഥാനത്തിലുള്ള 29 സംഘട്ടനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ 45 പേർക്ക് പരിക്കേറ്റു. മുൻകാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഗണ്യമായ കുറവ് ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. മുൻകാലത്ത് 56 മാസങ്ങൾക്കിടയിൽ 1201 വർഗ്ഗീയ സംഘർഷങ്ങൾ നടന്നിരുന്നു.

## വേണുഗോപാലൻ നായരെ മർദ്ദിച്ച സംഭവം

**78 (1012)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാബിനറ്റ് കൂടികൊണ്ടിരിക്കുമ്പോൾ സെക്രട്ടേറിയറ്റ് ജീവനക്കാരെയും പാസ് വാങ്ങുന്നവരെയുമൊഴിച്ച് മറ്റാരെയും സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ മുകളിലേയ്ക്ക് കടത്തി വിടരുതെന്ന് സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷനുണ്ടോ ;

(ബി) ഇതനുസരിച്ച് 17-1-2001-ൽ ക്യാബിനറ്റ് കൂടികൊണ്ടിരിക്കുമ്പോൾ പാസ്സോ ഹോം ഡിപ്പാർട്ട്മെന്റ് നൽകിയിട്ടുള്ള ഐഡന്റിറ്റി കാർഡോ ഇല്ലാതെ സെക്രട്ടേറിയറ്റ് മന്ദിരത്തിലെ 1-ാം നമ്പർ ലിഫ്റ്റിൽ കൂടി സെക്രട്ടേറിയറ്റ് മന്ദിരത്തിലേയ്ക്ക് കടത്തിവിടണമെന്ന് കൈരളി ചാനലിലെ ഒരു പ്രതിനിധി ആവശ്യപ്പെട്ടപ്രകാരം ചെയ്യാതിരുന്നതുകൊണ്ട് ലിഫ്റ്റ് ഓപ്പറേറ്റർ ശ്രീ. വേണുഗോപാലൻ നായരെ അയാൾ മർദ്ദിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് ശ്രീ. കെ. വേണുഗോപാലൻ നായർ നേരിട്ടും സെക്രട്ടേറിയറ്റ് അസോസിയേഷൻ വഴിയും ഹൗസ്കീപ്പിംഗ് സെൽ അഡിഷണൽ സെക്രട്ടറിക്ക് പരാതി നൽകുകയുണ്ടായോ ; എങ്കിൽ എന്ന് ;

(ഡി) പ്രസ്തുത പരാതിയിൽമേൽ എന്തു നടപടിയെടുത്തു ;

(ഇ) ഈ സംഭവത്തിനുശേഷം ശ്രീ. വേണുഗോപാലൻ നായരെ സസ്പെന്റു ചെയ്യുകയുണ്ടോയോ ; എങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് പറയാമോ ;

(എഫ്) ശ്രീ. വേണുഗോപാലൻ നായരെ സസ്പെന്റു ചെയ്യുന്നതിനു മുൻപായി എന്തെങ്കിലും വിധത്തിലുള്ള റിപ്പോർട്ടു വാങ്ങിയോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly